©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 15<br>Vol. XV | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2026 ജൂൺ 18<br>18th June 2026<br>1201 മിഥുനം 4<br>4th Mithunam 1201<br>1948 ജ്യേഷ്ഠം 28<br>28th Jyaishta 1948 | നമ്പർ<br>No. 1848 |


GOVERNMENT OF KERALA

**Labour and Skills (E) Department**

ORDER

G.O.(Ms) No. 22 /2026/LBR.

*Dated, Thiruvananthapuram, 9th June, 2026*
*26th Idavam ,1201.*

**S. R. O. No. 581/2026**

In exercise of the powers conferred under section 6A of the Kerala Motor Transport Workers' Payment of Fair Wages Act, 1971 (23 of 1971), the Government of Kerala hereby make the following further amendment to schedule A of the said Act with effect from the 1st day of January, 2025, namely:-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

AMENDMENT

In the Kerala Motor Transport Worker' Payment of Fair Wages Act, 1971 (23 of 1971), for schedule A, the following schedule shall be substituted, namely:-

## "SCHEDULE A

| *Category of Employees* | | *Scale of Pay* |
|---|---|---|
| Class of Employers- I (Employers owning 25 or less than 25 vehicles) | I | 26100-100-26600-150-27350-200-28350-250-29600 |
| | II | 26600-150-27350-200-28350-250-29600-300-31100 |
| | III A | 26800-160-27600-200-28600-240-29800-320-31400 |
| | III B | 27100-200-28100-250-29350-300-30850-350-32600 |
| | IV | 27300-225-28425-275-29800-325-31425-375-33300 |
| | V | 27500-250-28750-275-30125-300-31625-325-33250 |
| | VI | 27700-275-29075-300-30575-325-32200-350-33950 |
| Class of Employers- II (Employers owning 26 or more vehicles) | I | 26100-100-26600-150-27350-200-28350-250-29600 |
| | II | 26600-150-27350-200-28350-250-29600-300-31100 |
| | III A | 26800-160-27600-200-28600-240-29800-320-31400 |
| | III B | 27100-200-28100-250-29350-300-30850-350-32600 |
| | IV | 27300-225-28425-275-29800-325-31425-375-33300 |
| | V | 27600-275-28975-325-30600-375-32475-425-34600 |
| | VI | 27800-300-29300-350-31050-400-33050-450-35300 |

*Note:*

I. **Dearness Allowance**.- In addition to basic pay, every motor transport worker shall be paid Dearness Allowance on the basis of the All India Average Consumer Price Index Number published by the Labour Bureau, Shimla (2016=100) at the rate of ₹ 60 (Rupees sixty only) per mensem for every point above 75 points. The amount of dearness allowance shall be calculated and paid on the basis of the average of the Index Numbers for the half year beginning from January to June with effect from October and the average of the half year beginning from July to December with effect from April every year.

II. **House Rent Allowance**.- Every worker shall be paid House Rent Allowance at the rate of ₹ 750 (Rupees Seven hundred and fifty only) per mensem.

III. **Washing Allowance**.- Every worker shall be paid washing allowance at the rate of ₹ 250 (Rupees Two hundred and fifty only) per mensem.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

IV. **Fixation of salary in the new scale**.- The initial pay of the Motor Transport Worker who has not completed 1st year of service under an Employer/Motor Transport undertaking as on 1st day of January, 2025 shall be fixed in the revised scale at the minimum of the scale of pay applicable to the respective category.

V. **Service Weightage**.- Every Motor Transport Worker who has completed five years or more service under an employer/motor transport undertaking on or before 1st day of January, 2025 shall be fixed in the pay scale by giving a maximum of 5 increments as service weightage, one increment at the next rate/rates of the revised pay scale, for every five years of service completed.

VI. **Time Bound Higher Grade –** (1) Every Motor Transport Worker who has got 10 years of continous service in a post under an employer / motor transport undertaking without any promotion shall be granted higher grade in the scale of pay of the immediate higher post. Those who got higher grade on the basis of the Kerala Motor Transport Workers' Payment of Fair Wages (Amendment) Act, 1997 (Act 5 of 1997) as modified under notification vide G.O(Ms) No.123/2015/LBR dated 4th September, 2015 and who did not get any promotion shall be granted senior grade on completion of 10 years continuous service after the date of such higher grade in the scale of pay of the immediate higher post. The pay of the motor transport worker who gets higher grade or the senior grade, as the case may be, shall be fixed at that stage and if it is not a stage the pay shall be fixed at the next higher stage. The next increment shall be granted on the normal date of annual increment in the lower post.

(2) The pay of the motor transport workers in the category of VI who has completed 10 years continuous service becoming eligible for higher grade or senior grade, as the case may be, shall be fixed by allowing one additional increment in the respective stage of the scale of pay applicable to such worker.

VII. **Stagnation Increment.-** Every motor transport worker whose basic pay has reached up to the maximum of the scale of pay shall be paid stagnation increment every year at such rate applicable immediately prior to the attainment of stagnation."

By order of the Governor,

**SHANAVAS S**

*Special Secretary to Government.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**Explanatory Note**

(This does not form part of the order, but is intended to indicate its general purport.)

Section 6A of the Kerala Motor Transport Workers' Payment of Fair Wages Act, 1971 empowers the Government by order published in the official Gazette to revise the rate of wages payable to the motor transport workers specified in the schedule to the Act by suitably amending the schedule at any time at the expiry of five years from 15th day of January, 1997 and thereafter at the expiry of every five years. The last revision of fair wages was made with effect from the 1st day of January, 2015 vide notification issued under G.O.(Ms.) No. 123/2015/LBR dated 4th September, 2015 and published as S.R.O. No. 582/2015 in the Kerala Gazette Extraordinary No. 2028 dated 8th September, 2015. The Government have decided to revise the fair wages of motor transport workers by amending schedule A of the said Act after considering the report submitted by the Fair Wages Committee.

The order is intended to achieve the above object.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള സർക്കാർ
**തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്**
ഉത്തരവ്

സ.ഉ.(കൈ)നമ്പർ. 22/2026/തൊഴിൽ. തിരുവനന്തപുരം, 2026 ജൂൺ 9
1201 ഇടവം 26

**എസ്. ആർ. ഒ. നമ്പർ 581/2026**

1971-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ ആക്റ്റിലെ (1971-ലെ 23) 6എ വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, പ്രസ്തുത ആക്റ്റിന്റെ പട്ടിക 'എ' 2025 ജനുവരി 1-ാം തീയതി മുതൽ പ്രാബല്യത്തോടുകൂടി ഇതിനാൽ ഭേദഗതി ചെയ്യുന്നു, അതായത് :-

ഭേദഗതി

1971-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ ആക്റ്റിലെ (1971-ലെ 23) പട്ടിക 'എ'-യ്ക്ക് പകരം താഴെപ്പറയുന്ന പട്ടിക ചേർക്കേണ്ടതാണ്, അതായത് :-

"**പട്ടിക എ**

| *തൊഴിലാളികളുടെ വിഭാഗം* | | *ശമ്പള സ്കെയിൽ* |
|---|---|---|
| തൊഴിലുടമ വിഭാഗം - I (ഇരുപത്തിയഞ്ചോ അതിൽ കുറവോ വാഹനങ്ങളുള്ള തൊഴിലുടമകൾ ) | I | 26100-100-26600-150-27350-200-28350-250-29600 |
| | II | 26600-150-27350-200-28350-250-29600-300-31100 |
| | III എ | 26800-160-27600-200-28600-240-29800-320-31400 |
| | III ബി | 27100-200-28100-250-29350-300-30850-350-32600 |
| | IV | 27300-225-28425-275-29800-325-31425-375-33300 |
| | V | 27500-250-28750-275-30125-300-31625-325-33250 |
| | VI | 27700-275-29075-300-30575-325-32200-350-33950 |
| തൊഴിലുടമ വിഭാഗം - II (ഇരുപത്തിയാറോ അതിൽ കൂടുതലോ വാഹനങ്ങളുള്ള തൊഴിലുടമകൾ ) | I | 26100-100-26600-150-27350-200-28350-250-29600 |
| | II | 26600-150-27350-200-28350-250-29600-300-31100 |
| | III എ | 26800-160-27600-200-28600-240-29800-320-31400 |
| | III ബി | 27100-200-28100-250-29350-300-30850-350-32600 |
| | IV | 27300-225-28425-275-29800-325-31425-375-33300 |
| | V | 27600-275-28975-325-30600-375-32475-425-34600 |
| | VI | 27800-300-29300-350-31050-400-33050-450-35300 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

<u>കുറിപ്പ്:-</u>

**I. ക്ഷാമബത്ത.-** അടിസ്ഥാന ശമ്പളത്തിന് പുറമെ ഓരോ മോട്ടോർ വാഹനത്തൊഴിലാളിക്കും, സിംലയിലെ 'ലേബർ ബ്യൂറോ" പ്രസിദ്ധീകരിക്കുന്ന, അഖിലേന്ത്യാ ശരാശരി ഉപഭോക്തൃവില സൂചികയുടെ (2016=100) അടിസ്ഥാനത്തിൽ 75 പോയിന്റുകൾക്ക് മുകളിലുള്ള ഓരോ പോയിന്റിനും പ്രതിമാസം 60/- രൂപ (അറുപത് രൂപ മാത്രം) എന്ന നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതാണ്. ക്ഷാമബത്ത തുക, ജനുവരി മുതൽ ആരംഭിച്ച് ജൂൺ വരെയുള്ളതുമായ അർദ്ധവർഷത്തിന്റേത് നിലവാര സൂചികകളുടെ ശരാശരിയുടെ അടിസ്ഥാനത്തിൽ ഒക്ടോബർ മുതൽ പ്രാബല്യവും, ജൂലൈ മുതൽ ആരംഭിച്ച് ഡിസംബർ വരെയുള്ളതുമായ അർദ്ധവർഷത്തിന്റേത് ഏപ്രിൽ മുതൽ പ്രാബല്യവും നൽകി കണക്കാക്കി, ഓരോ വർഷവും നൽകേണ്ടതാണ്.

II. **വീട്ടു വാടക അലവൻസ്.-** ഓരോ തൊഴിലാളിക്കും പ്രതിമാസം 750/- രൂപ (എഴുന്നൂറ്റി അൻപത് രൂപ മാത്രം ) നിരക്കിൽ വീട്ടു വാടക അലവൻസ് നൽകേണ്ടതാണ്.

III. **വാഷിംഗ് അലവൻസ്.-** ഓരോ തൊഴിലാളിക്കും പ്രതിമാസം 250/- രൂപ (ഇരുനൂറ്റി അൻപത് രൂപ മാത്രം) നിരക്കിൽ വാഷിംഗ് അലവൻസ് നൽകേണ്ടതാണ്.

IV. **ശമ്പളം പുതിയ സ്കെയിലിൽ നിശ്ചയിക്കൽ.-** 2025 ജനുവരി 1-ാം തീയതി ഒരു തൊഴിലുടമയുടെയോ / മോട്ടോർ വാഹന സംരംഭത്തിൻകീഴിലോ ഒരു വർഷം പൂർത്തിയാക്കിയിട്ടില്ലാത്ത ഒരു മോട്ടോർ വാഹന തൊഴിലാളിയുടെ പ്രാരംഭ ശമ്പളം ബന്ധപ്പെട്ട വിഭാഗത്തിന് ബാധകമായിട്ടുള്ള പരിഷ്കരിച്ച സ്കെയിലിലെ ഏറ്റവും കുറഞ്ഞ ശമ്പളസ്കെയിലിൽ നിജപ്പെടുത്തേണ്ടതാണ്.

V. **സർവ്വീസ് വെയിറ്റേജ്.-** 2025 ജനുവരി 1-നോ അതിനുമുമ്പോ ഒരു തൊഴിലുടമയുടെയോ / മോട്ടോർ വാഹന സംരംഭത്തിന്റെയോ കീഴിൽ അഞ്ചോ അതിലധികമോ വർഷം സേവനം പൂർത്തിയാക്കിയിട്ടുള്ള ഓരോ മോട്ടോർ വാഹനത്തൊഴിലാളിക്കും പൂർത്തീകരിച്ച ഓരോ അഞ്ച് വർഷ സേവനത്തിനും പരിഷ്കരിച്ച ശമ്പള സ്കെയിലിന്റെ തൊട്ടടുത്ത നിരക്കിൽ /നിരക്കുകളിൽ ഓരോ ഇൻക്രിമെന്റ് വീതം പരമാവധി 5 ഇൻക്രിമെന്റുകൾ സർവ്വീസ് വെയിറ്റേജായി നൽകി ശമ്പളസ്കെയിലിൽ നിജപ്പെടുത്തേണ്ടതാണ്.

VI. **സമയബന്ധിത ഹയർ ഗ്രേഡ്.-** (1) ഒരു തൊഴിലുടമയുടെയോ / മോട്ടോർ വാഹന സംരംഭത്തിൻകീഴിലോ ഒരു തസ്തികയിൽ യാതൊരു പ്രമോഷനുമില്ലാതെ 10 വർഷം തുടർച്ചയായി സേവനമനുഷ്ഠിച്ചിട്ടുള്ള ഓരോ മോട്ടോർ വാഹന തൊഴിലാളിക്കും തൊട്ടടുത്ത ഉയർന്ന തസ്തികയുടെ ശമ്പള സ്കെയിലിൽ ഹയർ ഗ്രേഡ് നൽകേണ്ടതാണ്. 1997-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ആക്റ്റിന്റെ (1997 -ലെ 5-ാം നമ്പർ ആക്റ്റ്) പ്രകാരം 2015 സെപ്റ്റംബർ 4-ാം തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) 123/2015/തൊഴിൽ നമ്പർ മുഖേന പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ ഹയർ ഗ്രേഡ് ലഭിച്ചിട്ടുള്ളതും, യാതൊരു പ്രമോഷനും ലഭിച്ചിട്ടില്ലാത്തവർക്കും, അങ്ങനെയുള്ള ഹയർ ഗ്രേഡിന്റെ തീയതിക്ക് ശേഷം 10 വർഷം തുടർച്ചയായുള്ള സേവനം പൂർത്തീകരിക്കുമ്പോൾ, തൊട്ടടുത്ത

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉയർന്ന തസ്തികയിലെ ശമ്പളസ്കെയിലിൽ സീനിയർ ഗ്രേഡ് നൽകേണ്ടതാണ്. ഹയർ ഗ്രേഡോ സീനിയർ ഗ്രേഡോ, അതതു സംഗതിപോലെ, ലഭിക്കുന്ന മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളിയുടെ ശമ്പളം ഉയർന്ന ശമ്പള സ്കെയിലിൽ സ്റ്റേജ് ആണെങ്കിൽ ആ സ്റ്റേജിലും സ്റ്റേജ് അല്ലെങ്കിൽ അടുത്ത സ്റ്റേജിൽ നിജപ്പെടുത്തേണ്ടതും അടുത്ത ഇൻക്രിമെന്റ് താഴ്ന്ന തസ്തികയിൽ വാർഷിക ഇൻക്രിമെന്റ് സാധാരണ ലഭിക്കേണ്ട തീയതിയിൽ അനുവദിക്കേണ്ടതുമാണ്.

(2) ഹയർ ഗ്രേഡോ സീനിയർ ഗ്രേഡോ, അതതു സംഗതിപോലെ, ലഭിക്കുന്നതിന് അർഹത നേടുന്ന 10 വർഷത്തെ തുടർച്ചയായ സേവനം പൂർത്തിയാക്കിയ VI-ാം വിഭാഗത്തിൽപ്പെട്ട മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളികളുടെ വേതനം അങ്ങനെയുള്ള തൊഴിലാളിക്ക് ബാധകമാകുന്ന ശമ്പളസ്കെയിലിലെ ബന്ധപ്പെട്ട സ്റ്റേജിൽ ഒരു അധിക ഇൻക്രിമെന്റ് കൂടി അനുവദിച്ചുകൊണ്ട് നിജപ്പെടുത്തേണ്ടതാണ്.

VII. **സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ്.-** അടിസ്ഥാന ശമ്പളം, ശമ്പള സ്കെയിലിൽ പരമാവധി ശമ്പളത്തിലെത്തി നിൽക്കുന്ന ഓരോ മോട്ടോർ വാഹന തൊഴിലാളിക്കും സ്റ്റാഗ്നേഷൻ എത്തുന്നതിനു തൊട്ടുമുമ്പ് ബാധകമായിരുന്ന അങ്ങനെയുള്ള നിരക്കിൽ ഓരോ വർഷവും സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് നൽകേണ്ടതാണ്.”

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**ഷാനവാസ് എസ്.**

*ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് ഉത്തരവിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1971-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് (ന്യായമായ വേതനം നൽകൽ) (1971-ലെ 21-ാം ആക്റ്റ്) 6 എ വകുപ്പ് പ്രകാരം 1997 ജനുവരി 15-ാം തീയതി മുതലുള്ള അഞ്ചു വർഷത്തിന്റെ അവസാനത്തിലും അതിനു ശേഷമുള്ള ഓരോ അഞ്ചു വർഷവും അവസാനിക്കുമ്പോഴും ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവ് മുഖേന, പട്ടികയിൽ അനുയോജ്യമായ ഭേദഗതി വരുത്തി ആക്റ്റിലെ പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള മോട്ടോർ വാഹന തൊഴിലാളികൾക്ക് നൽകാനുള്ള വേതനം പരിഷ്കരിക്കുന്നതിനു സർക്കാരിനെ അധികാരപ്പെടുത്തുന്നു. 2015 സെപ്റ്റംബർ 4-ാം തീയതിയിലെ സർക്കാർ ഉത്തരവ് (എം. എസ്) 123/2015/തൊഴിൽ നമ്പറായി പുറപ്പെടുവിച്ചതും 2015 സെപ്റ്റംബർ 8-ാം തീയതിയിലെ 2028 നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 582/2015 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരമാണ് സർക്കാർ 2015 ജനുവരി 1-ാം തീയതി മുതൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രാബല്യത്തോടെ കേരള മോട്ടോർ വാഹന തൊഴിലാളികൾക്കുള്ള ന്യായവേതനം അവസാനമായി പുതുക്കി നിശ്ചയിച്ചത്. ന്യായവേതനം സംബന്ധിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ചശേഷം, പ്രസ്തുത ആക്ടിന്റെ പട്ടിക 'എ' യിൽ ഭേദഗതി വരുത്തി മോട്ടോർ വാഹന തൊഴിലാളികളുടെ ന്യായവേതനം പരിഷ്കരിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഉത്തരവ്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.06.18 06:05:23 +05:30